# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## <u>ഫിംഗർ പ്രിൻറ് സെർച്ചർ തസ്തിക</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ.3395 | 22.08.2017-ൽ മറുപടിക്ക് |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.പുരുഷൻ കടലുണ്ടി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| എ) | പോലീസ് വിഭാഗത്തിലെ ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് എങ്ങനെയാണെന്നറിയിക്കാമോ; | എ) | പി.എസ്.സി വഴി നേരിട്ടും പോലീസ് മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്നും വിജിലൻസ് മിനിസ്റ്റീരിയൽ സ്റ്റാഫിൽ നിന്നും തസ്തിക മാറ്റം വഴിയും 10:9:1 എന്ന അനുപാതത്തിലാണ് ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക് നിലവിൽ നിയമനം നടത്തുന്നത്. |
| ബി) | പ്രസ്തുത തസ്തികയിലേക്ക് മിനിസ്റ്റീരിയൽ സ്റ്റാഫിന് എത്ര ശതമാനമാണ് സംവരണം ചെയ്തിട്ടുള്ളത്; | ബി) | പോലീസിലെയും വിജിലൻസിലെയും ചേർത്ത് 50 ശതമാനമാണ് മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം ചെയ്തിട്ടുള്ളത്. |
| സി) | ഈ തസ്തികയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളെന്താണെന്നറിയിക്കാമോ; | സി) | ഫിസിക്സിലോ, കെമിസ്ട്രിയിലോ ഉള്ള ബി.എസ്.സി ബിരുദവും കൂടാതെ നല്ല കാഴ്ചശക്തിയും ഉണ്ടായിരിക്കണം. |
| ഡി) | സിവിൽ പോലീസ് ഓഫീസർമാരിൽ നിന്നും യോഗ്യതയുള്ളവർക്ക് ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക്, മിനിസ്റ്റീരിയൽ സ്റ്റാഫിന് അനുവദിക്കുന്നത് പോലെ സംവരണം ഏർപ്പെടുത്തുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ? | ഡി) | നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സിവിൽ പോലീസ് ഓഫീസർമാരിൽ നിന്നും ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**